# മൗനിയായി, മരണം കാത്ത്, പൂക്കോട് തടാകം

കോഴിക്കോട് - വൈത്തിരി റോഡിൽ ലക്കിടിയിൽ നിന്നും ഒരു കിലോമീറ്റർ ഉള്ളിലോട്ട് മാറി സ്ഥിതിചെയ്യുന്ന വയനാട്ടിലെ തിരക്കേറിയ ഒരു വിനോദസഞ്ചാര കേന്ദ്രമാണ് പൂക്കോട് തടാകം. പ്രാദേശിക ടൂറിസ്റ്റുകൾ ഏറ്റവുമധികം വന്നുപോകുന്ന ഈ ടൂറിസ്റ്റുകേന്ദ്രം അധികാര കേന്ദ്രങ്ങളുന്നടെ അശ്രദ്ധകൊണ്ടും പെരുമുതൽ കൊള്ള ചെയ്യുന്നതിനുള്ള സമീപസ്ഥ ജനങ്ങളുടെ താല്പര്യംകൊണ്ടും നാശം നേരിട്ടുകൊണ്ടിരിക്കുന്നു.

വയനാട് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന് പ്രതിവർഷം പത്തു ലക്ഷത്തിലേറെ വരുമാനമുണ്ടാക്കിക്കൊടുക്കുന്ന ഈ പ്രദേശം 1990 ജൂൺ 30നാണ് ഒരു വിനോദസഞ്ചാര കേന്ദ്രമാക്കി വികസിപ്പിച്ചെടുത്തത്.

കേരളത്തിലെ അപൂർവ്വം ശുദ്ധജല തടാകങ്ങളിലൊന്നായ ഈ തടാകം ഫിഷറീസ് വകുപ്പിന്റെ അധീനതയിലുള്ള പ്രദേശമാണ്.

തടാകത്തിന്റേയും ചുറ്റുമുള്ള വനപ്രദേശങ്ങളുടേയും സംരക്ഷണം ജില്ലാ പ്രമോഷൻ കൗൺസിലിന്റെ ഉത്തരവാദിത്വമാണെങ്കിലും അവർ അത്ര ശ്രദ്ധിക്കുന്നില്ല. കിട്ടുന്ന ആദായം കൈക്കലാക്കുന്നതല്ലാതെ ശരിയായ പരിപാലനം നടത്തുന്നതിൽ ശുഷ്കാന്തിയില്ല.

നാട്ടുകാർ മരംമുറിക്കുന്നതു തടാകത്തിന്റെ നാശം ദ്രുതഗതിയിലാക്കുന്നു. ഈ മരംമുറി തടയുന്നതിന് അധികാരികൾ ശ്രമിക്കാതിരിക്കുന്നത്



മരംമുറി വ്യാപകമാകുന്നതിന് സഹായകമാണ്. ഇവ തടയുന്നതിന് വേണ്ടത്ര ഗാർഡുകളെ നിയമിക്കുന്നതിനോ മരം മുറിക്കാർക്കെതിരെ നടപടിയെടുക്കുന്നതിനോ അധികൃതർ മുന്നോട്ടു വരുന്നില്ല.

തടാകത്തിനുചുറ്റുമുള്ള സ്വകാര്യ ഭൂമികളിൽ കൃഷിക്കുവേണ്ടി മണ്ണിളക്കുന്നതും തടാകത്തിലേക്ക് വ്യാപകമായ തോതിൽ മണ്ണൊലിപ്പുണ്ടാക്കുന്നു. ഇതിനെതിരെ ജൈവവേലികൾ തീർക്കുന്നതിനോ സമീപസ്ഥ കൃഷിസ്ഥലങ്ങളിലെ കൃഷിരീതികളെ ഗുണാത്മകമായി മാറ്റിയെടുക്കുന്നതിനോ ആരും താല്പര്യമെടുക്കുന്നില്ല.

സമീപ പ്രദേശത്തുള്ള മൊട്ടക്കുന്നുകളിൽ നിന്നും വർഷക്കാലങ്ങളിൽ ഒലിച്ചിറങ്ങുന്ന മേൽമണ്ണ് തടാകത്തിന്റെ ഒരു പ്രധാന ഭീഷണിയാണ്. ഇതിനെതിരെ നടത്തിയ ട്രെഞ്ചിങ്ങ് കൂടുതൽ വ്യാപകമായ മണ്ണൊലിപ്പിന് കാരണമാകുകയാണുണ്ടായത്.

വർഷക്കാലത്ത് തടാകത്തിലേക്ക് വെള്ളംമൊഴുകിയെത്തുന്ന പ്രദേശങ്ങൾ മണ്ണുനികന്ന് കരയായിത്തീർന്നിരിക്കുന്നു. ഈ രീതിയിൽ മണ്ണൊലിപ്പ് ഇടങ്ങുകയാണെങ്കിൽ സമീപ ഭാവിയിൽത്തന്നെ തടാകം അപ്രത്യക്ഷമാകും.

സമീപവാസികളെ ബോധവൽക്കരിച്ചും നിയന്ത്രിച്ചും ടൂറിസ്റ്റുകളെ ക്രമീകരിച്ചും തടാകത്തെ സംരക്ഷിക്കാത്തപക്ഷം പൂക്കോട് തടാകം ഓർമ്മകളിലൊതുങ്ങുമെന്നതിൽ സംശയമില്ല.

പി.ആർ. കൃഷ്ണൻകുട്ടി